ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 15.05.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ ആറാമത്തെ സെമി കണ്ടക്ടർ യൂണിറ്റ് ഉത്തർപ്രദേശിൽ സ്ഥാപിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അനുമതി; രാജ്യത്തിന്റെ വളർച്ചയും നവീകരണവും ത്വരിതപ്പെടുത്തുന്നതാണ് തീരുമാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Centre Approves India's Sixth Semiconductor Unit to Be Set Up in Uttar Pradesh; Prime Minister Narendra Modi says the decision will boost growth and innovation.**

2. ഛത്തീസ്ഗഢ് - തെലങ്കാന അതിർത്തിയിൽ നക്സൽ വിരുദ്ധ ദൗത്യത്തിൽ മുപ്പത്തിയൊന്ന് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതായി CRPF ; 2026 ഓടെ ഇന്ത്യയെ നക്സൽ മുക്തമാക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **31 Maoists Killed in Anti-Naxal Operation on Chhattisgarh-Telangana Border as CRPF Confirms, Home Minister Amit Shah Vows India Will Be Naxal Free by 2026.**

3. ഇന്ത്യയുടെ അഭിമാനം ഉയർത്തിയ ഓപ്പറേഷൻ സിന്ദൂറിന്റെ ചരിത്ര വിജയത്തിന് ആദരമർപ്പിച്ച് രാജ്യത്തുടനീളം തിരംഗ യാത്രകൾ പുരോഗമിക്കുന്നു.

   **Tiranga Yatras Continue Across the Country to Honour the Historic Success of Operation Sindoor That Brought Pride to the Nation.**

4. കേരളത്തിൽ, മുഖ്യമന്ത്രി  പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ തല അവലോകനയോഗം ഇന്ന് നടക്കും.

**In Kerala, Regional Review Meeting for Thiruvananthapuram, Kollam, and Pathanamthitta Districts to Be Held Today Under the Leadership of Chief Minister Pinarayi Vijayan.**

5. നേരിട്ടുള്ള സമാധാന ചർച്ചകൾക്കായി റഷ്യ - യുക്രൈൻ പ്രതിനിധികൾ ഇന്ന് തുർക്കിയേയിൽ കൂടിക്കാഴ്ച നടത്തും.

**Russia-Ukraine Delegations to Hold Direct Peace Talks in Türkiye Today.**

6. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് സമാപനം; 54 സ്വർണ്ണവുമായി ആധിപത്യം തുടർന്ന് മഹാരാഷ്ട്ര.

**Khelo India Youth Games to Conclude Today; Maharashtra Dominates with 54 Gold Medals**

*******************************************

## ASHWINI VAISHNAW (INTRO )

ഇന്ത്യയുടെ ആറാമത്തെ സെമി കണ്ടക്റ്റർ യൂണിറ്റ് ഉത്തർപ്രദേശിലെ ജേവാർ വിമാനത്താവളത്തിൽ സ്ഥാപിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനം. മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ തുടങ്ങിയവയ്ക്കായുള്ള ഡിസ്പ്ലേ ഡ്രൈവർ ചിപ്പുകളാണ് യൂണിറ്റിൽ നിർമിക്കുന്നത്. 3,700 കോടി രൂപയുടെ നിക്ഷേപം ഇതിലൂടെ ലഭ്യമാകുമെന്നും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*******************************************

## PM CABINET

ഉത്തർപ്രദേശിൽ സെമികണ്ടക്ടർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മന്ത്രിസഭാ യോഗ തീരുമാനം രാജ്യത്തിന്റെ വളർച്ചയ്ക്കും നവീകരണത്തിനും ആക്കം കൂട്ടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുവാക്കൾക്ക് എണ്ണമറ്റ തൊഴിൽ അവസരങ്ങളാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുകയെന്നും അദ്ദേഹം വ്യക്തമാക്കി. സെമികണ്ടക്ടറുകളുടെ ലോകത്ത് ഇന്ത്യയുടെ മുന്നേറ്റം തുടരുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

*****************************************

## OP SINDOOR SELF-RELIANCE

സാധാരണക്കാരെയും സൈനികരെയും ലക്ഷ്യം വച്ചുള്ള ഭീകരാക്രണങ്ങളോടുള്ള ഇന്ത്യയുടെ ശ്രദ്ധാപൂർവ്വവും തന്ത്രപരവുമായ സൈനിക പ്രതികരണമായിരുന്നു ഓപ്പറേഷൻ സിന്ദൂറെന്ന് കേന്ദ്രസർക്കാർ. അതിനൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് ഇന്ത്യ പ്രത്യാക്രമണം നടത്തിയത്. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിൽ ഇന്ത്യ നേടിയ സ്വയം പര്യാപ്തതയുടെ തെളിവാണ് ഓപ്പറേഷൻ സിന്ദൂറെന്നും സർക്കാർ വ്യക്തമാക്കി.

*****************************************

## JK- TIRANGA YATRA

രാജ്യത്തിന്റെ അഭിമാനം ഉയർത്തിയ ഓപ്പറേഷൻ സിന്ദൂറിന്റെ ചരിത്ര വിജയത്തിന് ആദരമർപ്പിച്ച് രാജ്യത്തുടനീളം തിരംഗ യാത്ര സംഘടിപ്പിക്കുന്നു. ഇന്ന് ജമ്മുവിൽ ഇന്ദിര ചൗക്കിൽനിന്ന് വിക്രം ചൗക്ക് വരെ തിരംഗ യാത്ര നടക്കും. സായുധ സേനയോടുള്ള പിന്തുണ പ്രകടിപ്പിക്കുന്നതിനായി ജമ്മു കാശ്മീരിൽ ജില്ലാ, മണ്ഡലം, വാർഡ് തലങ്ങളിലും തിരംഗ യാത്രകൾ സംഘടിപ്പിക്കും.

*****************************************

## SWABHIMANA YATRA

തിരുവനന്തപുരത്ത് ഇന്നലെ നടന്ന ത്രിവർണ്ണ സ്വാഭിമാന യാത്രയിൽ വിമുക്ത ഭടന്മാരും ജനങ്ങളും അണിചേർന്നു. പഹൽഗാമിൽ ഭീകരർ കൊലപ്പെടുത്തിയവർക്കും ഓപ്പറേഷൻ സിന്ദൂറിൽ വീരമൃത്യു വരിച്ച സൈനികർക്കും ആദരാഞ്ജലികൾ അർപ്പിച്ചു. നാളെ കണ്ണൂരിലും കോഴിക്കോടും ത്രിവർണ്ണ സ്വാഭിമാന യാത്ര നടക്കും.

*****************************************

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢ് തെലങ്കാന അതിർത്തിയിൽ കരേഗുട്ട മേഖലയിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 31 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ബിജാപൂരിൽ സിആർപിഎഫ്, ഛത്തീസ്ഗഢ് പോലീസ് മേധാവിമാർ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. ദൗത്യം ഇരുപത്തിയൊന്ന് ദിവസത്തോളം നീണ്ടുനിന്നതായി CRPF ഡി.ജി.പി ഗ്യാനേന്ദ്ര പ്രതാപ് സിംഗ് പറഞ്ഞു. 2026 മാർച്ച് 31-നകം ഇന്ത്യയെ നക്സൽ വിമുക്തമാക്കാനുള്ള ദൃഢനിശ്ചയത്തിന്റെ ഭാഗമാണ് ഓപ്പറേഷനെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി.

*****************************************

## PM-NAXALISM

നക്സൽ ബാധിത പ്രദേശങ്ങളിൽ സമാധാനം ഉറപ്പാക്കുന്നതിനും നക്സലിസം വിട്ടു വരുന്നവരെ മുഖ്യധാരയുമായി ബന്ധിപ്പിക്കുന്നതിനും കേന്ദ്ര സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

നക്സലിസത്തെ വേരോടെ പിഴുതെറിയാനുള്ള ശ്രമങ്ങൾ ശരിയായ ദിശയിലാണെന്നതിന് തെളിവാണ് സുരക്ഷാ സേനയുടെ വിജയം എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

*******************************************

## CM- REVIEW MEETING

കേരളത്തിൽ, മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ തല അവലോകനയോഗം ഇന്ന് തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുക്കും.

*******************************************

## STATE GOVERNMENT ANNUAL

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷ പരിപാടികൾ ഈ മാസം 23 ന് തിരുവനന്തപുരത്ത് സമാപിക്കും. സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കനകക്കുന്നിൽ ശനിയാഴ്ച മുതൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേള മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

*******************************************

## NOTICE-AIR

പ്രസരണിയിൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ ആകാശവാണി തിരുവനന്തപുരം മീഡിയം വേവ് ട്രാൻസ്മിറ്റർ വഴിയുള്ള പ്രക്ഷേപണം ഇന്ന് രാവിലെ 10.15 മുതൽ തടസ്സപ്പെടും. വൈകുന്നേരം 5.00 മണിവരെയോ അറ്റകുറ്റപ്പണി

പൂർത്തിയാകുന്നതു വരെയോ പ്രക്ഷേപണത്തിൽ തടസം നേരിടുന്നതാണ്.

*****************************************

## INDIA UN TERROR

ഭീകര സംഘടനകൾക്കെതിരെ ഉപരോധം ഏർപ്പെടുത്താനുള്ള ഐക്യരാഷ്ട്രസഭ സമിതിയുടെ മോണിറ്ററിംഗ് സംഘവുമായി ന്യൂയോർക്കിലുള്ള ഇന്ത്യയുടെ സാങ്കേതിക വിഭാഗം പ്രതിനിധികൾ ഇന്ന് കൂടിക്കാഴ്ച നടത്തും. യു.എൻ തീവ്രവാദ വിരുദ്ധ സമിതി എക്സിക്യൂട്ടീവ് ഡയറക്ടറേറ്റുമായും ഇന്ത്യൻ സംഘം കൂടിക്കാഴ്ച നടത്തുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

*****************************************

## CCPA – PAK FLAG

രാജ്യത്ത്, പാക്കിസ്ഥാൻ പതാകകളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വിൽപനയ്ക്ക് ഓൺലൈൻ വിപണി വെബ്സൈറ്റുകൾക്ക് വിലക്ക്. ഇത് സംബന്ധിച്ച് ആമസോൺ ഇന്ത്യ, ഫ്ലിപ്കാർട്ട്, ഫ്ലാഗ് കമ്പനി തുടങ്ങിയവയ്ക്ക് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി നോട്ടീസയച്ചു. അത്തരം എല്ലാ ഉള്ളടക്കങ്ങളും ഉടനടി നീക്കം ചെയ്യാനും ദേശീയ നിയമങ്ങൾ പാലിക്കാനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളോട് നിർദേശിച്ചതായി കേന്ദ്ര മന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു.

*****************************************

## JYOTIRADITHYA SCINDIA (INTRO)

സമ്പന്നമായ സംസ്കാരം, പ്രകൃതി വിഭവങ്ങൾ തുടങ്ങിയവ കൊണ്ട്, രാജ്യത്തിന്റെ വടക്കു-കിഴക്കൻ മേഖല തെക്കു-

കിഴക്കൻ ഏഷ്യയുടെ ശക്തമായ കവാടമായാണ് നിലകൊള്ളുന്നതെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കാനിരിക്കുന്ന **Rising North East**- നിക്ഷേപക ഉച്ചകോടിക്ക് മുന്നോടിയായുള്ള കർട്ടൻ റൈസർ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

( വോയിസ്....)

ഈ മാസം 23, 24 തീയതികളിൽ നടക്കുന്ന ഉച്ചകോടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷത വഹിക്കും.

********************************************

## KHELO INDIA

ബീഹാറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് സമാപനം. 54 സ്വർണ്ണവും 43 വെള്ളിയും ഉൾപ്പെടെ 141 മെഡലുകളുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്തു തുടരുകയാണ്. 30 സ്വർണവും 23 വെള്ളിയും ഉൾപ്പെടെ 96 മെഡലുകളുമായി ഹരിയാന രണ്ടാം സ്ഥാനത്തും 22 സ്വർണ്ണവുമായി രാജസ്ഥാൻ മൂന്നാമതുമാണ്. 12 സ്വർണ്ണം ഉൾപ്പടെ 25 മെഡലുകളുമായി കേരളം എട്ടാം സ്ഥാനത്താണ്.

********************************************

## RUSSIA – UKRAINE TALKS

തുർക്കിയെയിലെ ഇസ്താംബൂളിൽ നേരിട്ടുള്ള സമാധാന ചർച്ചകൾക്കായി റഷ്യ - യുക്രൈൻ പ്രതിനിധികൾ ഇന്ന് കൂടിക്കാഴ്ച നടത്തും. എന്നാൽ ചർച്ചകളിൽ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പങ്കെടുക്കില്ലെന്ന് റഷ്യ പ്രഖ്യാപിച്ചു. പ്രസിഡന്റിന്റെ അടുത്ത അനുയായി വ്ളാഡിമിർ മെഡിൻസ്കി റഷ്യൻ പ്രതിനിധി സംഘത്തെ നയിക്കും. റഷ്യൻ പ്രസിഡന്റുമായി

നേരിട്ട് കൂടികാഴ്ച നടത്താൻ യുക്രൈൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കി നേരത്തെ സന്നദ്ധത അറിയിച്ചിരുന്നു.

******************************************

## JK- ENCOUNTER

ജമ്മു കശ്മീരിൽ പുൽവാമ ജില്ലയിലെ അവന്തിപോറയിൽ ഇന്ന് പുലർച്ചെ സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായി. ജമ്മു കശ്മീർ പോലീസും സേനയും തിരച്ചിൽ തുടരുകയാണ്. കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

******************************************

## DEATH DUE TO SHED COLLAPSE

വയനാട് മേപ്പാടി തൊള്ളായിരം കണ്ടിയിൽ വിനോദസഞ്ചാരികൾ താമസിച്ച ഷെഡ് തകർന്ന് പെൺകുട്ടി മരിച്ചു. മലപ്പുറം അകമ്പാടം സ്വദേശിനി നിഷ്മ ആണ് മരിച്ചത്. 15 വയസായിരുന്നു.

******************************************

## SABARIMALA

ഇടവമാസ പൂജയ്ക്കായി ശബരിമല നട ഇന്നലെ വൈകിട്ട് അഞ്ചിനു തുറന്നു. നട അടയ്ക്കുന്ന ഈ മാസം 19 വരെ പതിവുപൂജകളും വിശേഷാൽ പൂജകളും നടക്കും.

******************************************

## MEMORANDUM SUSPENDED

ഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാലയും, തുർക്കിയെയിലെ ഇനോനു സർവകലാശാലയുമായുള്ള ധാരണാപത്രം താൽക്കാലികമായി നിർത്തിവച്ചു. ദേശീയ സുരക്ഷാ സാഹചര്യം കണക്കിലെടുത്താണ് തീരുമാനമെന്ന് ജെ.എൻ.യു സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

*******************************************

## TRUMP-QATAR

1.2 ലക്ഷം കോടി ഡോളറിന്റെ സാമ്പത്തിക വിനിമയം സാധ്യമാക്കുന്ന സുപ്രധാന കരാറുകളിൽ അമേരിക്കയും ഖത്തറും ഒപ്പുവച്ചു. ഇരുരാജ്യങ്ങളും തമ്മിൽ 24,350 കോടി ഡോളറിന്റെ സാമ്പത്തിക കരാറുകളും പ്രസിഡന്റ് ഡോണൾഡ് ട്രംപ് സൗദി സന്ദർശനത്തിനിടെ, പ്രഖ്യാപിച്ചു. ധാരണ പ്രകാരം, 160 ബോയിംഗ് ജെറ്റുകൾ ഖത്തർ എയർവേയ്സ് വാങ്ങും. ഗൾഫ് പര്യടനത്തിന്റെ ആദ്യ ഘട്ടത്തിൽ സൗദി അറേബ്യയിൽ 60,000 കോടി ഡോളറിന്റെ നിക്ഷേപ പദ്ധതികൾ ട്രംപ് ഉറപ്പിച്ചിരുന്നു.

*****************************************************************************************
***********